**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.<u>കെ.എസ്.എ-ഐ.ഡി.കെ-4/153 /2020</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി.
തൊടുപുഴ, പിൻ – 685 584
PH:04862 227332
*E-mail:doidk.ksad@kerala.gov.in*

തീയതി : 27.05.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന നഗരസഭ

സർ

വിഷയം :- **കട്ടപ്പന നഗരസഭ – 2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കട്ടപ്പന നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 2, ഭാഗം 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് [1997-ലെ കേരള നഗരപാലിക-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15(2) കാണുക].

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ നഗരപാലിക പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം).
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
3) റീജണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി.
4) കാര്യാലയ പകർപ്പ്.

**നം.<u>കെ.എസ്.എ-ഐ.ഡി.കെ-4/153 /2020</u>** **തീയതി – 27.05.2020**

## <u>ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**********************************

**ഇടുക്കി ജില്ല**യിലെ **കട്ടപ്പന നഗരസഭ**യുടെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ **18.02.1019** മുതൽ **26.01.2019** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **35** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **13** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. റ്റി. എൽ. സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.01.2020 മുതൽ 04.02.2020 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. റ്റി. സോമൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹസിൻ ഫൈസൽ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഭിലാഷ് എം.കെ., അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനിറ്റ പി. സാമുവേൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജി. സുനിൽ കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **ചെയർപേഴ്സൺ** | ശ്രീ. മനോജ് എം. തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി (ഇൻ-ചാർജ്ജ്)** | ശ്രീ. കെ. കൃഷ്ണകുമാർ (സൂപ്രണ്ടന്റ്) | 01.04.2018 മുതൽ 16.05.2018 വരെ |
| | ശ്രീ. എസ്. ജയകുമാർ (സൂപ്രണ്ടന്റ്) | 17.05.2018മുതൽ 02.09.2018വരെ |
| | ശ്രീ. വി. ബി. അജിത്കുമാർ (സൂപ്രണ്ടന്റ്) | 03.09.2018 മുതൽ31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **അസിസ്റ്റന്റ് എഞ്ചിനിയർ** | ശ്രീ. സണ്ണി പി. എസ്. | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ. സുനിൽകുമാർ പി. | 01.08.2018 മുതൽ 31.12.2018വരെ |
| | ശ്രീ. ലിജിൻ രാജീവ് | 01.01.2019 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി. ബോൺസി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. രാജമ്മ ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ)** | ഡോ. നിധിൻ എം.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം)** | ഡോ. ആൻസി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | ഡോ. എസ്. ജെ. മണിയമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. ലാൽ ജി .മാത്യു | 01.04.2018 മുതൽ 08.07.2018 വരെ |
| | ഡോ. പി. വി. ഗീതമ്മ | 09.07.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് |
|---|---|---|
| | | ഭാഗം-I (പൊതു അവലോകനം) |
| | | |

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 13 | 1-13 | വസ്തു നികുതി നിരക്കുകളിലെ കുറവ് - അപാകതകൾ |
| 14 | 1-14 | വസ്തു നികുതി - സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിൽ പ്രകടമായ വ്യത്യാസം |
| 15 | 1-15 | തൊഴിൽ നികുതി - കൃത്യമായി ഈടാക്കുന്നില്ല |
| 16 | 1-16 | ലേലം - ലക്ഷങ്ങളുടെ വരുമാന നഷ്ടം |
| 17 | 1-17 | വാടക ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക നിലനിൽക്കുന്നു |
| 18 | 1-18 | ചട്ടലംഘനങ്ങൾ നിലനിൽക്കുന്ന കെട്ടിടത്തിൽ പുതിയ നിലകൾക്ക് നമ്പർ അനുവദിച്ച് നൽകിയിരിക്കുന്നു |
| 19 | 1-19 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് |
| 20 | 1-20 | പെർമിറ്റ് ഫയലിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തുന്നില്ല |
| 21 | 1-21 | സാംഖ്യയിൽ പോസ്റ്റു ചെയ്യുന്ന വരവു തുകകൾ സഞ്ചയയിൽ പോസ്റ്റു ചെയ്യുന്നില്ല |
| 22 | 1-22 | തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിലധികം അക്കൗണ്ടുകൾ |
| 23 | 1-23 | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നില്ല |

| | | |
|---|---|---|
| 24 | 1-24 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 25 | 1-25 | രണ്ട് കോടിയോളം രൂപയുടെ സർക്കാർ ഗ്രാന്റുകൾ വിനിയോഗിച്ചില്ല |
| 26 | 1-26 | വിവിധ ഏജൻസികളിൽ നിന്നും നാല് കോടിയിലധികം രൂപ ചെലവഴിച്ചിട്ടില്ല |
| 27 | 1-27 | വകമാറ്റി ചെലവഴിച്ചതിനാൽ തനതി ഫണ്ടിന് മൂന്നരക്കോടിയിലധികം രൂപയുടെ ബാധ്യത |
| 28 | 1-28 | തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 29 | 1-29 | എസ്.എസ്.എ. വിഹിതം അടയ്ക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു |
| 30 | 1-30 | വികലാംഗർക്ക് മുച്ചക്രവാഹനം – ലൈസൻസ് വിവരങ്ങൾ ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 31 | 1-31 | ചെലവ് വിവരങ്ങൾ ലഭ്യമായില്ല ചെലവ് തടസ്സപ്പെടുത്തുന്നു |
| 32 | 1-32 | എസ്.സി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരിശീലനം -അപാകതകൾ – ചെലവ് തടസ്സപ്പെടുത്തുന്നു |
| 33 | 1-33 | യൂത്ത് ക്ലബ് രൂപീകരണം – സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 34 | 1-34 | ജി.എസ്.റ്റി. ബിൽ ഇല്ലാതെ സേഫ്റ്റി മിറർ വാങ്ങി – കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം |
| 35 | 1-35 | മരാമത്ത് പ്രവർത്തികളുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 36 | 1-36 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തനം ലക്ഷ്യം കൈവരിക്കുന്നില്ല |
| 37 | 1-37 | പാലിന് സബ്സിഡി – തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നില്ല |
| 38 | 1-38 | ആസൂത്രണത്തിലെ അപാകതമൂലം കടിവെള്ളപദ്ധതികൾ/അംഗൻവാടി പുനരുദ്ധാരണം, നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |
| 39 | 1-39 | ഷെൽട്ടർ ഹോം സ്ഥാപിക്കൽ(തണൽ)പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല |
| 40 | 1-40 | അസ്സൽ രസീത് ഹാജരാക്കാതെ ഡെപ്പോസിററ് തുക തിരികെ നല്കിയിരിക്കുന്നു – ചെലവ് തടസ്സപ്പെടുത്തുന്നു |
| 41 | 1-41 | ജീവനക്കാരുടെ ശമ്പള റിക്കവറികളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 42 | 1-42 | തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |

| | | |
|---|---|---|
| 43 | 1-43 | പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| 44 | 1-44 | ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടില്ല |
| 45 | 1-45 | പി.എം.എ.വൈ. - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല |
| 46 | 1-46 | കാർഷിക മേഖലയിലെ പദ്ധതികൾ - ഭൂമിയുടെ കൈവശരേഖ ലഭ്യമല്ല |
| 47 | 1-47 | മുൻ വർഷങ്ങളിലെ മുൻകൂറുകൾ/ഡെപ്പോസിറ്റുകൾ എന്നിവ ക്രമപ്പെടുത്തിയിട്ടില്ല |
| 48 | 1-48 | പി.എം.എ.വൈ. - അവലോകനം |
| 49 | 1-49 | കുടുംബശ്രീ - ആശ്രയ പദ്ധതിയിൽ എട്ട് ലക്ഷത്തിലധികം രൂപ അവശേഷിക്കുന്നു |
| 50 | 1-50 | ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവനുസരിച്ച് പരിപാലിക്കുന്നില്ല |
| | | ഭാഗം-II വരവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 51 | 2-1 | നികുതി നിരക്കുകളിലെ കുറവ് - നഷ്ടം ₹1,22,562/- |
| 52 | 2-2 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് - നഷ്ടം ₹12,289/- |
| | | ഭാഗം-III ചെലവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 53 | 3-1 | യൂത്ത് ക്ലബ് രൂപീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| | | ഭാഗം-IV (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) |
| 54 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 55 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 56 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 57 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 58 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 59 | 4-6 | സ്ഥിര നിക്ഷേപം |
| 60 | 4-7 | ഓഡിറ്റ് റിക്കവറി |
| 61 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 62 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| | | |

| | | |
|---|---|---|
| 63 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 64 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 65 | അനുബന്ധം - 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 02.09.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹2,64,17,962 |
| വരവ് | ₹32,35,17,836 |
| ആകെ | ₹34,99,35,798 |
| ചെലവ് | ₹28,67,27,683 |
| നീക്കിയിരിപ്പ് | ₹6,32,08,115 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 28595626 | 28595626 | 26785636 | 1809990 |
| | എസ്.സി.പി. | 0 | 10952000 | 10952000 | 6404136 | 4547864 |
| | ടി.എസ്.പി. | 0 | 2092000 | 2092000 | 1100910 | 991090 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 15680860 | 15680860 | 6685422 | 8995438 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 0 | 13448000 | 13448000 | 12947685 | 500315 |
| | റോഡിതരം | 0 | 6250000 | 6250000 | 3655449 | 2594551 |
| | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി-ഫണ്ട് | | | 0 | 118080 | 118080 | 118080 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | എൻ.യു.എൽ.എം | | 495870 | 11000707 | 11496577 | 1027112 | 10469465 |
| | പി.എം.എ.വൈ. | | 9356838 | 151452731 | 160809569 | 139058000 | 21751569 |
| | സ്വച്ഛഭാരത് | | 6391 | 7344927 | 7351318 | 370800 | 6980518 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | സാമൂഹ്യ ക്ഷേമവകുപ്പ് | | 0 | 1214864 | 1214864 | 254750 | 960114 |
| | പൈക്ക | | 58948 | 4363 | 63311 | 0 | 63311 |
| | സാക്ഷരത | | 29534 | 1495 | 31029 | 0 | 31029 |
| മുനിസിപ്പൽ ഫണ്ട് | ദുരിതാശ്വാസ നിധി | | 4662 | 20420 | 25082 | 13250 | 11832 |
| | പേപ്പർ ബാഗ് പദ്ധതി | | 8739 | 442 | 9181 | 0 | 9181 |
| | കണ്ടിജന്റ് പെൻഷൻ | | 176724 | 19550 | 196274 | 0 | 196274 |
| ആയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | ഭരണ ചെലവ് | | 0 | 8047593 | 8047593 | 4819116 | 3228477 |
| | തൊഴിലാളികളുടെ കൂലി | | 0 | 4523116 | 4523116 | 4523116 | 0 |
| മറ്റ് ഫണ്ടുകൾ | പ്രളയ ദുരിതാശ്വാസ ഫണ്ട് | | 0 | 140356 | 140356 | 125168 | 15188 |
| | എം.പി. ഫണ്ട് | | 0 | 495402 | 495402 | 495402 | 0 |
| | കെ.യു.ആർ.ഡി.എഫ്. | | 69015 | 637113 | 706128 | 634666 | 71462 |
| തനത് ഫണ്ട് | ട്രഷറി | റിഡംഷൻ & തനത് | 1086270 | 1485225 | 19044659 | 16733164 | 2311495 |
| | | പൊതു ഉദ്ദേശം | | 16473164 | | | |
| | ബാങ്ക് | | 14237767 | 66305772 | 80543539 | 63701717 | 16841822 |
| | പണം | | 887204 | 266378 | 1153582 | 887204 | 266378 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 738983934 | 122 | 77056455 | 0 | 166 | 42.36 |

| | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1. | സെക്രട്ടറി | 53 | 23 | 19533754 | 43.33 |
| 2. | അസി. എൻജിനീയർ | 215 | 83 | 44140689 | 38.60 |
| 3. | വെറ്ററിനറി സർജൻ | 3 | 3 | 2000000 | 100.00 |
| 4. | കൃഷി ഓഫീസർ | 3 | 2 | 1400274 | 66.66 |

| | | | | | |
|---|---|---|---|---|---|
| 5. | ഐ. സി. ഡി. എസ്. | 5 | 4 | 7381738 | 80.00 |
| 6. | എം.ഒ – സി.എച്ച്.സി. | 2 | 2 | 1250000 | 100.00 |
| 7. | എം.ഒ – ആയുർവേദം | 4 | 4 | 1100000 | 100.00 |
| 8. | എം.ഒ – ഹോമിയോ | 1 | 1 | 250000 | 100.00 |
| | ആകെ | 288 | 122 | 77056455 | 42.36 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 8047593 | 8047593 | 4819116 | 3228477 |
| തൊഴിലാളികളുടെ കൂലി | 0 | 4523116 | 4523116 | 4523116 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118080 | 35 |
| കർഷക തൊഴിലാളി പെൻഷൻ | 2068300 | 9 |
| വിധവാപെൻഷൻ | 13343800 | 92 |
| വാർദ്ധക്യകാലപെൻഷൻ | 37386900 | 416 |
| വികലാംഗപെൻഷൻ | 4461200 | 41 |
| അവിവാഹിത പെൻഷൻ | 17600 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,09,538/-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ നിർവ്വഹണാധികാരിയെന്ന നിലയിൽ നഗരസഭയുടെ സെക്രട്ടറി-ഇൻ-ചാർജ്ജ് 06.06.2017 മുതൽ വിവിധ ജൂനിയർ സൂപ്രണ്ടുമാർക്കാണ്. ഇത് നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ആഭ്യന്തര നിയന്ത്രണം തൃപ്തികരമായി നടപ്പാക്കുന്നതിനും സാധ്യമാകുന്നതിനും ജീവനക്കാരുടെ അപര്യാപ്തതയും നഗരസഭയ്ക്കുണ്ട്. പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ദാരിദ്ര്യ നിർമ്മാർജന പ്രോജക്ട് ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനം നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. ഇത് നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ട്. മുൻവർഷങ്ങളിലും ഇക്കാര്യങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും തൻ വർഷവും പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിക്കുന്നില്ല. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. ഫ്രണ്ട്

ഓഫീസ് മികച്ച നിലയിൽ പ്രവർത്തിച്ച വരുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗും ഫലപ്രദമായി നടത്തുന്നില്ല. പദ്ധതി രൂപീകരണങ്ങൾ നടപ്പാക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പുകളും നിർവ്വഹണത്തിന്റെ മോണിട്ടറിംഗ് സമിതികളും സജീവമായി പ്രവർത്തിക്കുന്നില്ല. പദ്ധതി നടപ്പാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിട്ടറിംഗ് സമിതിയുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## വാർഡ് സഭ മിനിറ്റ്സുകൾ ഹാജരാക്കിയില്ല.

2018-19 വർഷത്തെ മുനിസിപ്പാലിറ്റിയുടെ 34 വാർഡുകളിലെയും വാർഡ് സഭ മിനിറ്റ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

ഓഫീസ് സംവിധാനത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി പരിപാലിക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ, ഇൻകമ്പൻസി രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സാമൂഹ്യക്ഷേമ പെൻഷനുകളുടെ രജിസ്റ്റർ, വായ്പ രജിസ്റ്റർ, വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഡി.&ഒ. രജിസ്റ്റർ, രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

## കണക്കുകളുടെ സൂക്ഷിപ്പ്.

വിവിധ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനാന്ത്യം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | പരിശോധന നടത്തിയിട്ടില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014 -2015 മുതൽ 2017-2018 വരെ | 14.02.2019 മുതൽ 06.03.2019 വരെ | 03.04.2019 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1. | ജില്ലാ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട്, യൂണിയൻ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട്, ഇ-പേയ്മെന്റ് അക്കൗണ്ട് എന്നിവയുടെ റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല. മറ്റ് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2. | ജില്ലാ ബാങ്ക് തനത് ഫണ്ട് കാലാവധി കഴിഞ്ഞ ചെക്കുകൾ ക്രമീകരിച്ചിട്ടില്ല. |
| 3. | വാടക, ഡി.&ഒ., വസ്തു നികുതി, ലേലം, തൊഴിൽ നികുതി, വിനോദ നികുതി, സ്ലോട്ടർ ഹൗസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |
| 4. | വസ്തുനികുതി I-1, RP-37 എന്നീ ഷെഡ്യൂളുകൾ പ്രകാരം തൻവർഷ കുടിശിക ₹98,08,789/- ആണ് വരേണ്ടത്. എന്നാൽ ബി-15 ഷെഡ്യൂൾ പ്രകാരം ഇത് ₹49,37,442/-ആണ്. |
| 5. | വസ്തു നികുതി കുടിശിക മുൻവർഷ AFS പ്രകാരം ₹13,98,783/-ആണ്. എന്നാൽ തൻവർഷം പിരിച്ചെടുത്ത |

| | |
|---|---|
| | കുടിശിക ₹58,68,130/- ആണ്. ₹44,69,347/- അധികമായി പിരിച്ചെടുത്തതായി കാണുന്നു. |
| 6. | ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |
| 7. | ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല |
| 8. | വസ്തുനികുതി-സഞ്ചയ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. |
| 9. | കുടിശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. |
| 10. | ഐ-16 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ ₹46,400/- എഴുതി തള്ളിയിട്ടുണ്ട്. എന്നാൽ ഇതിന് ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 11. | പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച തുകകൾ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർ.പി-40(ബി) ഏതൊക്കെ അക്കൗണ്ടുകളിലാണ് ഈ തുക നിക്ഷേപിച്ചിരിക്കുന്നതെന്ന് കൃത്യമായി നിർണ്ണയിക്കാനായില്ല. |
| 12. | ബി-17 പത്രികയിൽ ബാങ്ക് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള പ്രത്യേക പദ്ധതി തുകകൾ അതായത് ദുരിതാശ്വാസ നികുതി തുക₹11,832/-, പൈക്ക ഗ്രാന്റ് (₹63,311/-), പേപ്പർ ബാഗ് പദ്ധതി (₹9,181/-) എന്നിവ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിൽ ആകെ 13 മൊബൈൽ ടവറുകളാണുള്ളത്. വസ്തു നികുതി തൻവർഷം അടവാക്കിയതും കുടിശ്ശിക സംബന്ധിച്ചുമുള്ള ഓഡിറ്റ് എൻക്വയറി(നം. 16)ക്കുള്ള മറുപടിയിൽ 13 മൊബൈൽ ടവറുകളുടെയും വസ്തു നികുതി ഡിമാന്റ് നോട്ടീസ് 2018-19 വർഷം നൽകിയിട്ടുള്ളതാണ്. എന്നാൽ ഒരു മൊബൈൽ ടവറിന്റെ നികുതി മാത്രമാണ് പൂർണ്ണമായി ഒടുക്കിയിട്ടുള്ളത്. ആറ് മൊബൈൽ ടവറുകളുടെ 2017-18 വർഷം വരെ ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നികുതി കുടിശ്ശികയാണ്. നഗരസഭയിലെ വസ്തു നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള അഡ്രസ്സ് പ്രകാരമാണ് നിലവിൽ ടി ടവറുകൾക്ക് നോട്ടീസ് നൽകിയിട്ടുള്ളത്. പക്ഷേ പല മൊബൈൽ സേവനദാതാക്കളെയും മറ്റുള്ള കമ്പനികൾ ഏറ്റെടുത്തിട്ടുള്ളതും അവരുടെ മേൽവിലാസത്തിൽ മാറ്റം വന്നിട്ടുള്ളതുമാണ്, എന്നാൽ ടി വിവരം നഗരസഭയെ അറിയിക്കാത്തത് മൂലം ശരിയായ മേൽവിലാസത്തിൽ നോട്ടീസ് എത്തിച്ച് നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ട്, ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്നിങ്ങനെയുള്ള മറുപടിയാണ് ലഭ്യമായത്. മേൽ ടവറുകൾ ഏതെല്ലാമാണ്, ഉടമസ്ഥർ, വാർഷിക നികുതി, തൻവർഷ കുടിശ്ശിക, മുൻ വർഷങ്ങളിലെ കുടിശ്ശിക എന്നിങ്ങനെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പൂർണ്ണമായ മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കേണ്ടത്. എന്നാൽ നൽകിയ മേൽ മറുപടിയിൽ നിന്നും 2018-19ൽ നഗരസഭയ്ക്ക് മൊബൈൽ ടവറുകളുടെ കുടിശ്ശികയിനത്തിൽ എത്ര തുക ലഭ്യമാകാനുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ കണക്കുകളില്ലായെന്ന് ഓഡിറ്റിന് വ്യക്തമാകുന്നു. നികുതി കുടിശ്ശിക കാലഹരണപ്പെട്ടുപോകാതെ ഈടാക്കി അറിയിക്കേണ്ടതാണ്.

നഗരസഭയിലെ വിദ്യാഭാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നു. തൻവർഷ കളക്ഷൻ സംബന്ധിച്ചും മുൻവർഷത്തെ പരാമർശം സംബന്ധിച്ചുമുള്ള അന്വേഷണകുറിപ്പിന് (നം.15) മറുപടി ലഭ്യമാക്കിയില്ല. വിദ്യാഭാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയുടെ വസ്തു നികുതിയിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിരക്കുകളിലെ അപാകതകൾ - അംഗീകൃത നിരക്കിൽ തുക ഈടാക്കിയില്ല

## എ) നികുതി നിരക്കുകളിലെ കുറവ് - നഷ്ടം ₹1,22,562/-

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയം, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കിലുള്ള നികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ ₹1,22,562/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ **ഖണ്ഡിക** 2-1ൽ ചേർക്കുന്നു.

## ബി) നികുതി നിരക്കുകളിലെ വ്യത്യാസം

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയം, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ, ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുകയുണ്ടായി. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഡി. & ഒ. പേജ് നം. | ലൈസൻസിയുടെ പേര് | വാർഡ്/ നം. | ലൈസൻസ് ആവശ്യം | കാറ്റഗറി | വിസ്തീർണ്ണം, ച.മീ. | സഞ്ചയ നിരക്ക് ₹ | ബാധക മായ നിരക്ക്, ₹ |
|---|---|---|---|---|---|---|---|---|
| 1 | 136 | എസ്. കെ. സതീഷ് | XI/1556 | ഡെന്റൽ മെറ്റീരിയൽ സപ്ലൈ | ആശുപത്രികൾ | 88.7 | 15/ എം2 | 60/ എം2 |
| 2 | 132 | ബിനോജ് മാത്യു | XI/1720 | ലേഡീസ് സെന്റർ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 1721 | 60/ എം2 | 70/ എം2 |
| 3 | 131 | സോണി തോമസ് | XI/1678 | ഹോട്ടൽ, ബിയർ & വൈൻ | “ | 115.62 | 60/ എം2 | 70/ എം2 |
| 4 | 130 | സിസിലി ജോയി | XI/1646 | ക്രോക്കരി, സ്റ്റേഷനറി, അലൂമിനിയം, സ്റ്റീൽവെയർ | “ | 128.12 | 60/ എം2 | 70/ എം2 |
| 5 | 96 | ജോയി പി.റ്റി | XI/149 | ഫർണിച്ചർ സെയിൽസ് | “ | 163.56 | 60/ എം2 | 70/ എം2 |
| 6 | 101 | സണ്ണി മാത്യു | XI/523 | ചെരുപ്പ്, ഷൂസ് ഗോഡൗൺ | “ | 707.08 | 60/ എം2 | 70/ എം2 |
| 7 | 102 | മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ് | XI/535 | സൂപ്പർ മാർക്കറ്റ് | “ | 116 | 60/ എം2 | 70/ എം2 |
| 8 | 106 | പ്രതീഷ് കെ.കെ | XI/639 | ഹോട്ടൽ | “ | 108.5 | 60/ എം2 | 70/ എം2 |
| 9 | 107 | ഹരി കൃഷ്ണൻ | XI/665 | ഹെൽത്ത് ക്ളബ്ബ് | “ | 107.2 | 60/ എം2 | 70/ എം2 |
| 10 | 113 | സിനി ജെമിനി | XI/875 | ടെക്സ്റ്റയിൽസ് | “ | 102.5 | 60/ എം2 | 70/ എം2 |
| 11 | 113 | സിനി ജെമിനി | XI/876 ടെക്സ് റ്റയിൽസ് | ടെക്സ്റ്റയിൽസ് | “ | 102.5 | 60/ എം2 | 70/ എം2 |
| 12 | 129 | റെജി ജോസഫ് | XI/1525 | സൂപ്പർ മാർക്കറ്റ് | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 218.6 | 70/ എം2 | 100/ എം2 |
| 13 | 139 | മിനി തോമസ് | XI/200 | പാർസൽ സർവ്വീസ് | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം | 116.2 | 60/ എം2 | 70/ എം2 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | | | |
| 14 | 10 | സി.സി വില്ല്യം വർഗ്ഗീസ് | III/530 | മുച്ചക്ര വാഹന വിൽപ്പന | "വാണിജ്യാവശ്യ ത്തിനുള്ള 200 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകള് | 423.44 | 60/ എം2 | 70/ എം2 |
| 15 | 10 | "സി.സി വില്ല്യം വർഗ്ഗീസ് | III/531 | മുച്ചക്ര വാഹന സർവ്വീസ് | " | 258.62 | 60/ എം2 | 70/ എം2 |
| 16 | 14 | സിബി തോമസ് | IV/109 | ഓയിൽ സെയിൽസ് | വാണിജ്യാവശ്യ ത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 141 | 60/ എം2 | 70/ എം2 |
| 17 | 11 | അജയൻ എം | IV/140-b | പച്ചക്കറി മൊത്ത വ്യാപാരം | " | 120.42 | 60/ എം2 | 70/ എം2 |
| 18 | 15 | ചാക്കോ ജോർജ്ജ് | IV/483-A | സ്റ്റീൽ ഐറ്റംസ് | വിവരങ്ങൾ രേഖപ്പെട്ട ത്തിയിട്ടില്ല | വിവരങ്ങൾ രേഖപ്പെട്ട ത്തിയിട്ടില്ല | വിവരങ്ങൾ രേഖപ്പെട്ട ത്തിയിട്ടില്ല | - |
| 19 | 24 | എലിസബത്ത് സാലി രമേഷ് | V/46-a | എൽ.പി.ജി സംഭരണവും വിൽപ്പനയും | വാണിജ്യാവശ്യ ത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 104.4 | 60/ എം2 | 70/ എം2 |
| 20 | 28 | രശ്മി റെക്സ് | V/227-a | ടൈൽസ് & ഗ്രാനൈറ്റ്സ് | വാണിജ്യാ വശ്യത്തിനുള്ള 200 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 595 | 60/ എം2 | 70/ എം2 |
| 21 | 32 | സി. പി. റോയി | V/673 | തടി, സ്റ്റീൽ പ്ലാസ്റ്റിക് ഫർണിച്ചേഴ്സ് | " | 200 | 60/ എം2 | 70/ എം2 |
| 22 | 32 | സുജ അനിൽകുമാർ | V/682-684 | ഹാർഡ് വെയർ | വാണിജ്യാ വശ്യത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 185 | 60/ എം2 | 70/ എം2 |
| 23 | 42 | ഇ.ജെ ഡേവിസ് | VI/405 | ബിയർ & വൈൻ | വാണിജ്യാ വശ്യത്തിനുള്ള 200 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 297.6 | 60/ എം2 | 70/ എം2 |
| 24 | 49 | രമേഷ് ജോസഫ് | VI/611 | ഹോം അപ്ലയൻസസ് | വാണിജ്യാ വശ്യത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 115 | 60/ എം2 | 70/ എം2 |
| 25 | 49 | രമേഷ് ജോസഫ് | VI/612 | ഹോം അപ്ലയൻസസ് | " | 108.67 | 60/ എം2 | 70/ എം2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 26 | 49 | രമേഷ് ജോസഫ് | VI/613 | ഹോം അപ്ലയൻസസ് | " | 108.67 | 60/ എം2 | 70/ എം2 |
| 27 | 65 | അൽജോ ജോസഫ് | VIII/38 | ടൈൽസ് & ഗ്രാനൈറ്റ്സ് | വാണിജ്യാ വശ്യത്തിനുള്ള 200 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകൾ | 235 | 60/ എം2 | 70എം2 |
| 28 | 70 | ആർ ശ്രീനിവാസൻ | VIII /689 | ഹാർഡ് വെയർ | വാണിജ്യാ വശ്യത്തിനുള്ള 100 ച.മീ മുകളിൽ വിസ്തീർണ്ണം വരുന്ന ഹോട്ടൽ, ഷോപ്പുകൾ, റസ്റ്റോറന്റ്, ഗോഡൗണുകള് | 184.5 | 60/ എം2 | 70/ എം2 |
| 29 | 70 | ആർ ശ്രീനിവാസൻ | VIII/690 | ഹാർഡ് വെയർ | " | 184.5 | 60/ എം2 | 70/ എം2 |
| 30 | 70 | ആർ ശ്രീനിവാസൻ | VIII/691 | ഹാർഡ് വെയർ | " | 184.5 | 60/ എം2 | 70/ എം2 |

ഏതാനും വാർഡുകളിലെ വിവരങ്ങൾ രജിസ്റ്ററും സഞ്ചയസോഫ്റ്റ് വെയറുമായി താരതമ്യം ചെയ്ത് പരിശോധിച്ചപ്പോൾ തന്നെ നിരക്കുകളിൽ ഇത്രയും വ്യത്യാസം കാണുകയുണ്ടായി. നികുതി നിരക്കുകളിൽ കുറവ് വന്നതിന്റെ കാരണം അന്വേഷിച്ചുകൊണ്ടുള്ള അന്വേഷണകുറിപ്പിന് (നം 14) 27.04.15ലെ 144/15 നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലാത്ത പാർപ്പിടേതര കെട്ടിടങ്ങൾക്ക് ARV നികുതിയുടെ 100% വർദ്ധനവാണ് വരുത്തേണ്ടത്, എന്നതിനാൽ ടാക്സ് റിവിഷനിൽ നൽകിയിട്ടുള്ള പുതിയ നിരക്കനുസരിച്ച് നികുതി വർദ്ധനവ് വരുന്നില്ലാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും പാർപ്പിട ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങൾ പാർപ്പിടേതര കെട്ടിടങ്ങൾ എന്ന വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും മറുപടി ലഭിച്ചു. എന്നാൽ നഗരസഭയിലെ സഞ്ചയ സോഫ്റ്റ് വെയറിൽ ഘടനാപരമായ മാറ്റം, കാലപ്പഴക്കം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. പ്രസ്തുത വിവരങ്ങൾ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സാംഖ്യ-സഞ്ചയ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല. സഞ്ചയയിലെ വിവരങ്ങൾ പൂർണ്ണവും കൃത്യവുമാണോ എന്നത് പരിശോധിക്കുവാൻ കഴിയുന്നില്ല. 2018-19ൽ ആകെ 1582 ലൈസൻസ് അപേക്ഷകൾ മാത്രമാണ് നഗരസഭയിൽ ലഭിച്ചത്. നഗരസഭയിൽ സഞ്ചയ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 3884 |
| മൊബൈൽ ടവർ | 13 |
| ബങ്കുകൾ, പെട്ടിക്കടകൾ | 2 |
| വ്യവസായം | 28 |
| ഇതര വ്യവസായം | 154 |
| വിദ്യാഭ്യാസം | 41 |
| ആശുപത്രികൾ | 20 |
| അസംബ്ലി, കൺവൻഷൻ സെന്റർ | 131 |
| **ആകെ** | 4273 |

നഗരസഭയിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനങ്ങളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. നിലവിൽ ലൈസൻസ് നൽകിയിട്ടുള്ള പാർപ്പിടേതര കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ള വിഭാഗത്തിൽ 2015 മുതൽ ഉൾപ്പെട്ടിരിക്കാമെന്നതിനാൽ അന്നുമുതൽ

പാർപ്പിടാവശ്യത്തിനുള്ള നികുതിയാണ് ഈടാക്കി വരുന്നത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി സജ്ജമാക്കുകയും പാർപ്പിട ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങൾ പാർപ്പിടേതര കെട്ടിടങ്ങൾ എന്ന വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ ഉപയോഗക്രമത്തിനുസരിച്ചുള്ള നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി - സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിലെ വസ്തുനികുതികളിൽ വ്യത്യാസം

നഗരസഭ സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതി കണക്കുകളിൽ വ്യതിയാനം ഉണ്ട്.

1. നഗരസഭയിലെ സാംഖ്യ കണക്കുകൾ പ്രകാരം ₹98,08,789/- വസ്തു നികുതിയിനത്തിൽ ഈടാക്കാനവശേഷിക്കുന്നു. എന്നാൽ സഞ്ചയ കണക്കുകൾ പ്രകാരം പ്രസ്തുത കുടിശ്ശിക ₹26,31,065/- മാത്രമാണ്. എന്നാൽ ബി-15 പ്രകാരം ₹ 49,37,442/- ആണ് ബാലൻസ്.

2.സഞ്ചയ-സാംഖ്യയിലുള്ള വസ്തു നികുതി കണക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| വസ്തു നികുതി | സഞ്ചയ പ്രകാരം തുക ₹ | | | സാംഖ്യ പ്രകാരം തുക ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൻ വർഷം | 16870856 | 14239791 | 2631065 | 24057037 | 14248248 | 9808789 |
| കുടിശ്ശിക | 6201958 | 5862090 | 339868 | 1398783 | 5868130 | 4469347 |

സഞ്ചയ – സാംഖ്യ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയ കണക്കുകളിലെ പൊരുത്തക്കേട് പരിഹരിച്ച് ഡിമാന്റ് കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - കൃത്യമായി ഈടാക്കുന്നില്ല

### (i) ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) 3(2)പ്രകാരം നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കട്ടപ്പന നഗരസഭ പരിധിയിൽ പ്രവർത്തിച്ച് വരുന്ന താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.എഫ്.ഇ. റീജണൽ ഓഫീസ്, ഇടുക്കി കവല | I & II |
| 2 | സഹ്യാദ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വെള്ളയാംകുടി | I |
| 3 | ന്യൂ ഇൻഡ്യ അഷ്വറൻസ്, കട്ടപ്പന | I & II |
| 4 | ആശീർവാദ് മൈക്രോ ഫിനാൻസ്, കട്ടപ്പന | II |
| | | |

| | | |
|---|---|---|
| 5 | മുത്തൂറ്റ് ഫിൻ കോർപ്പ്, പുളിയൻമല | I & II |
| 6 | SML ഫിനാൻസ്, കട്ടപ്പന | II |
| 7 | എസ്.ബി.ഐ, കട്ടപ്പന | I |
| 8 | കൊശമറ്റം ഫിൻ. ലിമിറ്റഡ് | II |
| 9 | കോർപ്പറേഷൻ ബാങ്ക്, കട്ടപ്പന | I |
| 10 | ഐ.ഡി.സി.ബി, ഈവനിംഗ് ബ്രാഞ്ച്, കട്ടപ്പന | I |
| 11 | എച്ച്.ഡി.എഫ്.സി, കട്ടപ്പന | I |
| 12 | ഉടുമ്പഞ്ചോല സർവീസ് കോ-ഓപ്പ. സൊസൈറ്റി | I & II |
| 13 | പോപ്പുലർ ഫിനാൻസ്, കട്ടപ്പന | I & II |
| 14 | കട്ടപ്പന സർവീസ് കോ-ഓപ്പ. സൊസൈറ്റി നം.3738 | I & II |
| 15 | കാനറ ബാങ്ക്, കട്ടപ്പന | I |
| 16 | മുത്തൂറ്റ് ഫിൻ കോർപ്പ്, വെള്ളയാംകുടി | I & II |
| 17 | മുത്തൂറ്റ് ഫിൻ കോർപ്പ്, ഇടുക്കി കവല | I & II |
| 18 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, കട്ടപ്പന | I |
| 19 | കട്ടപ്പന അർബൻ കോ-ഓപ്പ. ബാങ്ക് ലിമിറ്റഡ് | I & II |
| 20 | ഇൻഡസ്ട്രിയൽ മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, സംഗീത ജംഗ്ഷൻ | I & II |
| 21 | ഐ.സി.ഐ.സി.ഐ ബാങ്ക്, കട്ടപ്പന | I & II |
| 22 | യൂണിമണി ഫിനാഷ്യൽ സർവീസസ് ലിമിറ്റഡ്, ന്യൂ ബസ് സ്റ്റാന്റ് | I |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (നം. 9/തീ.28.01.2020) സ്ഥാപന നികുതി ഈടാക്കാതിരുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷം സ്ഥാപന നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. കുടിശ്ശിക പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (ii) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | റ്റി.വി.എസ്. അയ്യങ്കാർ ആന്റ് സൺസ് പ്രൈവറ്റ് ലിമി. | ദീപക് എം. എ, സീനിയർ സർവീസ് എഞ്ചിനീയർ (ക്രമ നം.25) | I | 128868 | 625 | 1250 | 625 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ഇ.എസ്.എ.എഫ്. സ്മോൾ ഫിനാൻസ് ബാങ്ക് ലിമി., കട്ടപ്പന | അരുൺജിത്ത് റ്റി.എസ്. (ക്രമ നം.7) | I | 48819 | 300 | 450 | 150 |
| 3 | സബ് രജിസ്ട്രാർ ഓഫീസ്, കട്ടപ്പന | റസിയ റഹിം (ക്രമ നം.7) | I | 101427 | 750 | 1000 | 250 |
| ആകെ | | | | | | | **1025** |

തൊഴിൽ നികുതി കൃത്യമായി ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/തീ.28.1.2020) കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നഷ്ടം ഈടാക്കാത്തപക്ഷം ബന്ധപ്പെട്ടവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 1-16 ലേലം - ലക്ഷങ്ങളുടെ വരുമാന നഷ്ടം

### (i) *അറവ് ശാലകളുടെ ലേലം* -

2018-19 വർഷം അറവ് ശാലകളുടെ നടത്തിപ്പിനായുള്ള ആദ്യ ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് 01.03.2018ൽ പുനർ ലേലം നടക്കുകയുണ്ടായി. പുനർലേല നോട്ടീസിൽ അടിസ്ഥാന തുക 30 ലക്ഷം രൂപയാണ് രേഖപ്പെടുത്തിയിരുന്നത്. പുനർ ലേലത്തിലും ആരും പങ്കെടുക്കുകയുണ്ടായില്ല. ആരും ലേലം കൊള്ളാതിരുന്നതിനെ തുടർന്ന് അറവ് ശാല നടത്തിപ്പും ഫീസ് പിരിവ് നഗരസഭ ജീവനക്കാരെ ചുമതലപ്പെടുത്തുകയുണ്ടായി. 2018-19 സാമ്പത്തിക വർഷം ഈയിനത്തിൽ 31.30 ലക്ഷം രൂപ പിരിച്ചെടുക്കുകയുണ്ടായി. എന്നാൽ 28.01.2019ൽ നടത്തിയ 2019-20 വർഷത്തേക്കുള്ള ലേല നോട്ടീസിൽ അറവ് ശാലയ്ക്കുള്ള അടിസ്ഥാന ലേല തുക 9 ലക്ഷം രൂപയാക്കി കുറച്ചു. ലേലത്തിൽ 2 പേർ പങ്കെടുക്കുകയും 9.2 ലക്ഷം രൂപ ലേലം കൊണ്ട ഷാജഹാൻ എന്നയാൾക്ക് 22.02.2019ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ലേലം അംഗീകരിച്ച് നൽകുകയുമുണ്ടായി. അടിസ്ഥാന ലേലത്തുക ഗണ്യമായി കുറച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/തീ.28.01.2020) 31.30 ലക്ഷം രൂപ 2018-19ൽ ഈയിനത്തിൽ ലഭിച്ചിട്ടുണ്ടെന്നും ജീവനക്കാർക്കുള്ള ശമ്പളം ഇനത്തിൽ 15.35 ലക്ഷവും വൈദ്യുതി, ഇന്ധനം ഇനത്തിൽ 4.7 ലക്ഷവും അറ്റകുറ്റപ്പണിക്കായി ഗണ്യമായ തുകയും ചെലവായതായും ഈ ചെലവും അറവുശാല നടത്തിപ്പ് ചെലവും മൊത്തത്തിൽ പരിഗണിച്ചാൽ 2018-19ൽ നഗരസഭയ്ക്ക് നഷ്ടമാണുണ്ടായതെന്നും അതിനാലാണ് 2019-20ലെ ലേലത്തിൽ 9.2 ലക്ഷം രൂപയ്ക്ക് ലേലം നൽകിയതെന്നും മറുപടി ലഭിച്ചു. ഒറ്റ ലേലത്തിൽ മാത്രം 21 ലക്ഷത്തിലധികം രൂപയുടെ വരുമാന കുറവ് സംഭവിച്ചത് അംഗീകരിക്കാവുന്നതല്ല. മുൻ വർഷത്തെ വരുമാനം കണക്കിലെടുക്കാതെയാണ് അടിസ്ഥാന ലേല തുക ലേല നോട്ടീസിൽ 9 ലക്ഷം എന്ന് കുറച്ച് കാണിച്ചത്. ഇത് മൂലം കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകാനിടയായി. ലേല നടപടികൾ സ്വീകരിക്കുമ്പോൾ മുൻവർഷത്തെ വരുമാനം പരിഗണിച്ചും നഗരസഭയുടെ സാമ്പത്തിക താൽപ്പര്യത്തിന് മുൻഗണന നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

### (ii) കന്നുകാലിച്ചന്ത, മുൻസിപ്പൽ മൈതാനം ലേലം - ലേലം ഓഫറിൽ തുക ഗണ്യമായി കുറഞ്ഞു

പുഷ്പരാജൻ, മുട്ടത്ത് എന്ന വ്യക്തിയ്ക്ക് 2018-19 വർഷം കന്നുകാലി ചന്തയുടെ നടത്തിപ്പ് ലേലത്തിൽ നൽകിയത് ₹1,53,999/-യ്ക്കായിരുന്നു. എന്നാൽ 2019-20 വർഷത്തേയ്ക്ക് 13.02.2019ൽ ആദ്യ ലേലവും 13.03.2019ൽ പുനർ ലേലവും നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. അതിനെ തുടർന്ന് 15.03.2019ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ലേല ഓഫർ ക്ഷണിക്കുകയും ഇതേ വ്യക്തിയ്ക്ക് തന്നെ പകുതിയിൽ താഴെ (₹75,000/-) തുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകുകയും ചെയ്തു. ഇതേപോലെ മുൻസിപ്പൽ മൈതാനം ഫീസ് ഇനത്തിൽ 2018-19ൽ ₹5,27,000/-യ്ക്ക് ലേലത്തിൽ നൽകിയ സ്ഥാനത്ത് ലേലത്തിലും പുനർ ലേലത്തിലും ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് 2019-20ൽ ലേലം ഓഫറിലൂടെ പകുതിയിൽ താഴെ (₹2,34,999/-) തുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകി.

ലേല ഓഫർ നടപടികൾ സ്വീകരിക്കുമ്പോൾ നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും മുൻ വർഷത്തെ നിരക്ക് കണക്കിലെടുത്തും വരുമാനം കുറവുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയ്ക്ക് വലിയ വരുമാന നഷ്ടമുണ്ടാകുന്ന ഇത്തരം അവസരങ്ങളിൽ ജീവനക്കാർക്ക് അധിക ചുമതല നൽകി പരമാവധി തുക പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ലേലത്തുകയിലെ നഷ്ടം പരിഗണിക്കുമ്പോൾ കരാറടിസ്ഥാനത്തിലോ ദിവസ വേതനത്തിലോ തൊഴിലാളികളെ നിയമിച്ചാൽ ലാഭം ഉണ്ടാകും എന്നുണ്ടെങ്കിൽ ഭരണ വകുപ്പിന്റെ അനുമതിയോടെ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-17 വാടക ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക നിലനിൽക്കുന്നു

2018-19ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ ഗണ്യമായ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു. തൻവർഷത്തെ വാടക കുടിശ്ശിക ₹9,62,813/-യും അരിയർ കുടിശ്ശിക ₹19,73,114/-യും ഉൾപ്പടെ ആകെ 29.35 **ലക്ഷം** രൂപ വർഷാന്ത്യം കുടിശ്ശിക ഉണ്ടായിരുന്നു. ഇതിൽ 13.27 **ലക്ഷം രൂപ** 2019-20 വർഷം ഒടുക്കിയിട്ടുണ്ട്. കൂടാതെ കടമുറികളുടെ ഡിപ്പോസിറ്റ് 2018-19ൽ പരിഷ്കരിച്ചുവെങ്കിലും ടി ഇനത്തിലും ലക്ഷങ്ങളുടെ കുടിശ്ശിക നിലനിൽക്കുന്നു. ഓഡിറ്റ് തീയതിയിൽ ലഭ്യമാക്കിയ കണക്ക് പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 39.05 **ലക്ഷം രൂപ** പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

കടമുറികളുടെ വാടക എല്ലാ വർഷവും കൃത്യമായ അനുപാതത്തിൽ വർദ്ധിപ്പിക്കുന്നില്ല. 2018-19ൽ വാടക പരിഷ്കരിച്ചെങ്കിലും നടപ്പ് സാമ്പത്തിക വർഷം (2019-20) വാടക വർദ്ധിപ്പിച്ചിട്ടില്ല. കെട്ടിട വാടക സംബന്ധിച്ച ഡി.സി.ബി. സാമ്പത്തിക വർഷാവസാനം തയ്യാറാക്കിയിട്ടില്ല. എസ്.ബി.ഐ. ATMന് വാടകയ്ക്ക് നൽകിയിട്ടുള്ള മുറിയ്ക്ക് ₹8,000/- വാടക ഈടാക്കുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ വാടക വാർഷികമായി വർദ്ധിപ്പിക്കാമെന്നിരിക്കെ മുൻ വർഷത്തെ അതേ നിരക്കിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമൂലം നഗരസഭയുടെ തനത് വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നില്ല. വാടക കുടിശ്ശിക ഈടാക്കാത്തതിനും ഡെപ്പോസിറ്റ് കുടിശ്ശിക വന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/ തീ.29.01.20) കുടിശ്ശികയുള്ള വാടകയും ഡെപ്പോസിറ്റും ഈടാക്കുന്നതാണെന്നും മറ്റ് അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-18 ചട്ടലംഘനങ്ങൾ നിലനിൽക്കുന്ന കെട്ടിടത്തിൽ പുതിയ നിലകൾക്ക് നമ്പർ അനുവദിച്ച് നൽകിയിരിക്കുന്നു

നഗരസഭയുടെ 17-ാം വാർഡിൽ ശ്രീമതി. ലൂസി ലൂക്കാ, കറുകച്ചേരിൽ എന്നയാളുടെ ഉടസ്ഥതയിലുള്ള സ്ഥലത്ത് വാണിജ്യാവശ്യത്തിനായി കെട്ടിടത്തിന്റെ നാലാം നിലയ്ക്ക് മുനിസിപ്പൽ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ നം. 15123/2018, 24.05.2019 പ്രകാരം XVII/650-A&B എന്നീ നമ്പറുകൾ നൽകി 2017-18 ഒന്നാം അർദ്ധ വർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മുനിസിപ്പൽ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ പ്രകാരമാണ് മേൽ കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്. ഒരു ഫയലിൽ നാലാം നിലയുള്ള പെർമിറ്റ് നം. A3(1)-BA(19658/17)/29.4.17 ലഭ്യമാക്കിയിട്ടുണ്ട്. സ്പെഷ്യൽ റസിഡൻഷ്യൽ 1048.86ച.മീ. കെട്ടിടത്തിനാണ് പെർമിറ്റ്. എന്നാൽ വാണിജ്യ കെട്ടിടമായിട്ടാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വാണിജ്യ കെട്ടിടത്തിന് ബാധകമായ ചട്ടങ്ങൾ പ്രകാരമാണോ വേല പൂർത്തിയാക്കിയതെന്നും ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കിയോ എന്നും ഉറപ്പാക്കുന്ന രേഖകൾ ഫയലിൽ ഇല്ല. അപ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയില്ലെങ്കിൽ ക്രമവൽക്കരണ ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് അടക്കം ഈടാക്കി മാത്രമേ ഒക്യുപൻസി നൽകാനാവുകയുള്ളൂ. ഇതൊന്നും ചെയ്യാതെ നികുതി നിർണയിച്ച് ഒക്യുപൻസി നൽകിയത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

2. 31.7.2017ന് മുമ്പ് കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയെന്ന് ഉറപ്പാക്കുന്ന രേഖകൾ ഇല്ല.

3. ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

4. ഫയർ & സേഫ്റ്റി വകുപ്പിൽ നിന്നുള്ള അനുമതി പത്രം, റിപ്പോർട്ട്, സ്കെച്ച് എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

5. മുനിസിപ്പൽ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ പ്രകാരമുള്ള കെട്ടിടത്തിന് ഫോറം നം.1(ബി) പ്രകാരമുള്ള സെക്രട്ടറിയുടെ വിശദ റിപ്പോർട്ട് ലഭ്യമല്ല.

മുൻവർഷ റിപ്പോർട്ടിൽ താഴത്തെ നിലകളുടെ നിർമ്മാണത്തിലെ അപാകതകളും സുരക്ഷാ സജ്ജീകരണങ്ങളുടെ അപര്യാപ്തത സംബന്ധിച്ച പരാമർശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അധികൃതരുടെ ഭാഗത്തു നിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നാലാം നിലയ്ക്ക് ലൈസൻസ് നൽകിയിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം സംബന്ധിച്ച പൂർണ്ണ ഫയൽ ലഭ്യമാകാത്തതുകൊണ്ടും നിരവധി ചട്ടലംഘനങ്ങൾ ഉള്ളതുകൊണ്ടും വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-19 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

പെർമിറ്റ് രജിസ്റ്റർ പ്രകാരം 2018-19ൽ 1051 അപേക്ഷകളാണ് ലഭിച്ചത്. കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചപ്പോൾ റഗുലറൈസേഷൻ ഫീസ് കൃത്യമായി ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പ് സെക്രട്ടറിയുടെ 11.11.2015ലെ 229813/RD-2/2015/ത.സ്വ.ഭ. നമ്പർ കത്ത് പ്രകാരം ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് നിർമ്മിച്ച കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുനിസിപ്പാലിറ്റിയിൽ 2018-19ൽ പെർമിറ്റ് എടുക്കാതെ ക്രമവൽക്കരണം നടത്തിയ ചില കെട്ടിട നിർമ്മാണങ്ങൾക്ക് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കിയതായി കാണുന്നു. ഖണ്ഡിക 2-2ൽ പരാമർശിക്കുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് രാജിയാക്കൽ ഫീസോ പെർമിറ്റ്ഫീസോ ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ഖണ്ഡിക 2-2ൽ ചേർത്തിരിക്കുന്നു.

## 1-20 പെർമിറ്റ് ഫയലിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തുന്നില്ല

BA-497/14-15, തീ.10.03.2015 നമ്പർ പെർമിറ്റ് പ്രകാരം 3737.35ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് സിബി വർക്കി, കൊല്ലംകുടിയിൽ എന്ന വ്യക്തിക്ക് പെർമിറ്റ് അനുവദിക്കുകയും 3216.19 ച.മീ. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം വാർഡ് XI/1753-A1 to A13 വരെയുള്ള കെട്ടിട നമ്പറുകളിലായി അസസ്സ്മെന്റ് നടത്തി നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കംപ്ലീഷൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ.

| | |
|---|---|
| ഫോർത്ത് സെല്ലാർ | 239.03 ച.മീ |
| തേർഡ് സെല്ലാർ | 483.98 ച.മീ |
| സെക്കന്റ് സെല്ലാർ | 605.29 ച.മീ |
| ഫസ്റ്റ് സെല്ലാർ | 616.50ച.മീ |
| ഗ്രൗണ്ട് ഫ്ലോർ | 627.11ച.മീ |
| | |

| | |
|---|---|
| ഫസ്റ്റ് ഫ്ലോർ | 644.28 ച.മീ |
| ആകെ | 3216.19 ച.മീ |

എന്നാൽ പരിശോധനയ്ക്കായി പ്രകാരം ഹാജരാക്കിയ ഫയൽ അപൂർണ്ണമാണ് . റെഗുലറൈസേഷൻ വിവരങ്ങൾ, കരം തീർത്ത രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, നമ്പറിട്ടു നൽകുന്നതിനുള്ള അപേക്ഷ എന്നിങ്ങനെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുമ്പോൾ ആരംഭം മുതലുള്ള അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കേണ്ടതാണ്. പൂർണ്ണ വിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് സ്ഥല പരിശോധന നടത്തുവാൻ സാധിച്ചില്ല. അപേക്ഷകളും അനുബന്ധരേഖകളും നഷ്ടപ്പെട്ടതാണോ ലഭ്യമാക്കാത്തതാണോ എന്നുള്ളത് സംബന്ധിച്ച് ഭരണവകുപ്പ് അന്വേഷണം നടത്തേണ്ടതും പൂർണ്ണമായ ഫയൽ അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-21 സാംഖ്യയിൽ പോസ്റ്റ് ചെയ്യുന്ന വരവു തുകകൾ സഞ്ചയയിൽ പോസ്റ്റു ചെയ്യുന്നില്ല

സാംഖ്യ രസീതുകൾ വഴി കളക്ട് ചെയ്യുന്ന വരവ് തുകകൾ സാംഖ്യയിൽ പോസ്റ്റ് ചെയ്യുന്നതിനൊടാപ്പം തന്നെ സഞ്ചയയിലും പോസ്റ്റ് ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ സാംഖ്യയിൽ ഡിമാന്റ് കുറയുന്നതിനൊടൊപ്പം സഞ്ചയയിൽ അതിന് ആനുപാതികമായി ഡിമാന്റ് കുറഞ്ഞ് വരികയില്ല. ആത്യന്തികമായി സാംഖ്യയിലും സഞ്ചയയിലും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കും. നഗരസഭയിൽ മാനുവൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്ന സ്റ്റാഫുകൾ വരവ് തുകകൾ സാംഖ്യയിൽ പോസ്റ്റ് ചെയ്യുന്നുണ്ട്. എന്നാൽ സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നില്ല. മാനുവൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്ന സ്റ്റാഫുകൾക്ക് സഞ്ചയയിൽ ലോഗിൻ & പാസ്സ് വേർഡ് നല്കുകയും വരവ് തുകകൾ സഞ്ചയയിലും പോസ്റ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്.

## 1-22 തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിലധികം അക്കൌണ്ടുകൾ

സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ./തീ.26.05.2011 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ തനത് ഫണ്ട് സൂക്ഷിപ്പിനായി ട്രഷറി അക്കൗണ്ട് കൂടാതെ ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ട്രഷറി അക്കൗണ്ട് കൂടാതെ എസ്.ബി.ഐ (ഓൺലൈൻ), എസ്.ബി.ഐ (എസ്.റ്റി. ഓൺലൈൻ), സർവീസ് സഹകരണ ബാങ്ക്, കട്ടപ്പന, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കട്ടപ്പന, എച്ച്.ഡി.എഫ്.സി, കട്ടപ്പന എന്നീ 6 ബാങ്കുകളിലായി നഗരസഭയുടെ തനത് വരുമാനം നിക്ഷേപിച്ചിട്ടുണ്ട്. ഓഡിറ്റ് തീയതിയിൽ എസ്.ബി.ഐ (ഓൺലൈൻ) അക്കൗണ്ടിൽ ₹75,278/-യും എസ്.ബി.ഐ (എസ്.റ്റി ഓൺലൈൻ) അക്കൗണ്ടിൽ 3.91 ലക്ഷം രൂപയും സർവീസ് സഹകരണ ബാങ്കിൽ ₹16,560/-യും ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ 18.35 ലക്ഷം രൂപയും യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ 45.05 ലക്ഷം രൂപയും എച്ച്.ഡി.എഫ്.സി.യിൽ 1.03 കോടി രൂപയും നീക്കിയിരിപ്പുണ്ട്. ഇടപാടുകൾ കുറവായ അക്കൗണ്ട് ക്ലോസ് ചെയ്ത് പ്രധാനപ്പെട്ട ഒരു ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നഗരസഭയുടെ ഇടപാടുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നില്ല

ചെക്കുകളും ഡ്രാഫ്റ്റുകളും ഡേ ബുക്കിൽ വരവ് കാണിക്കുന്നുണ്ടെങ്കിലും അവയുടെ വിശദാംശങ്ങൾ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ നഗരസഭക്ക് ലഭിച്ച എല്ലാ ചെക്കുകളും ഡ്രാഫ്റ്റുകളും ഡേ ബുക്കിൽ വരവ് വന്നിട്ടുണ്ടോയെന്നും ഇവയെല്ലാം ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ദിവസേന നിരവധി ചെക്കുകളും ഡ്രാഫ്റ്റുകളും വരവുണ്ടെങ്കിലും നാളിതുവരെ 5 ചെക്കുകൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ചേർത്ത ഈ ചെക്കുകളുടെ വിശദാംശങ്ങൾ പൂർണ്ണമായി ചേർത്തിട്ടുമില്ല. ചെക്ക്/ഡി.ഡി നമ്പർ ചെക്കിന് നൽകിയ താൽക്കാലിക രസീത് നമ്പർ, പണമാക്കിയ തീയതി/

അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തീയതി, ഔദ്യോഗിക രസീത് നമ്പർ, സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലും മതിയായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പുതുതായി രസീത് ബുക്കുകൾ ലഭിക്കുമ്പോൾ രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും എവിടെ നിന്ന് ലഭിച്ചുവെന്നും ഏത് തീയതിയിൽ ലഭിച്ചുവെന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ എൻട്രികളുടെ നേരെ സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. സാംഖ്യ രസീതുകളുടെ സ്റ്റോക്ക്, വിതരണം, ബാലൻസ് വിവരങ്ങൾ നാളിതുവരെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്റർ കൃത്യമായി പരിപാലിച്ച് അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ദാരിദ്ര്യ ലഘൂകരണ ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ബജറ്റിൽ മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പിലാക്കുന്നതിനായി നഗരസഭയുടെ റവന്യൂ വരുമാനത്തിന്റെ 2 ശതമാനം തുക ദാരിദ്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതാത് സമയം സർക്കാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണെന്ന് കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 284 പ്രകാരം നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭയിൽ 2018-19 ബജറ്റിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല. 2016-17ൽ മാത്രമാണ് നാമാത്ര തുകയായ ₹214/- ഉൾപ്പെടുത്തിയിട്ടുള്ളത്. 2017-2018ൽ റവന്യൂ വരുമാനം ₹5,39,32,047/- ആയതിനാൽ ഇതിന്റെ 2% ആയ ₹10,78,641/- ആണ് 2018-2019ൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ആക്ടിൽ നിഷ്കർഷിക്കുന്ന വിധത്തിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 രണ്ട് കോടിയോളം രൂപയുടെ സർക്കാർ ഗ്രാന്റുകൾ വിനിയോഗിച്ചില്ല

സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റിനങ്ങൾ യഥാസമയം ചെലവഴിക്കാത്തതിനാൽ നഗരസഭയ്ക്ക് **രണ്ട് കോടി**യോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞില്ല. വിശദവിവരങ്ങൾ താഴെ പരാമർശിക്കുന്നു.

| ഫണ്ടിനം | | അലോട്ട്മെന്റ് ₹ | ചെലവ് ₹ | ലാപ്സായ തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 28595626 | 26785636 | 1809990 | 93.67 |
| | എസ്.സി.പി. | 10952000 | 6404136 | 4547864 | 58.47 |
| | ടി.എസ്.പി. | 2092000 | 1100910 | 991090 | 52.62 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 15680860 | 6685422 | 8995438 | 42.63 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 13448000 | 12947685 | 500315 | 96.28 |
| | റോഡിതരം | 6250000 | 3655449 | 2594551 | 58.49 |
| ആകെ | | 77018486 | 57579238 | 19439248 | 74.76 |

വിവിധ ഇനങ്ങളിലായി ₹7,70,18,486/-യുടെ അലോട്ട്മെന്റ് ലഭിച്ചിരുന്നെങ്കിലും ₹5,75,79,238/-യുടെ ചെലവുകൾ നടത്തുവാൻ മാത്രമാണ് തൻ വർഷം കഴിഞ്ഞത്. തൻ വർഷം ₹1,94,39,248/-യുടെ വിവിധ ഗ്രാന്റുകൾ വിനിയോഗിച്ചിട്ടില്ല. ലഭ്യമായ തുക പൂർണമായും വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വിവിധ ഏജൻസികളിൽ നിന്നും നാല് കോടിയിലധികം രൂപ ചെലവഴിച്ചിട്ടില്ല

സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ നാല് കോടിയിൽപ്പരം രൂപ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ ബി-4, ആർ.പി.-40(ബി) ഷെഡ്യൂളുകൾ പ്രകാരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | വിശദാംശങ്ങൾ | തുക ₹ |
|---|---|---|---|
| 1 | 320100100 | എൻ.യു.എൽ.എം | 10469465 |
| 2 | 320100100 | സ്വച്ഛ് ഭാരത് | 6980518 |
| 3 | 320200205 | സാമൂഹ്യക്ഷേമം | 960114 |
| 4 | 320809900 | പി.എം.എ.വൈ | 21751569 |
| 5 | 450630100 | സാക്ഷരത | 31029 |
| 6 | 450610100 | പൈക | 63311 |
| | ആകെ | | 40256006 |

പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിനോ അല്ലാത്തപക്ഷം അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 വകമാറ്റി ചെലവഴിച്ചതിനാൽ തനതി ഫണ്ടിന് മൂന്നരക്കോടിയിലധികം രൂപയുടെ ബാധ്യത

പ്രത്യേക ആവശ്യങ്ങൾക്കായി നഗരസഭയ്ക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതിനാൽ നഗരസഭയുടെ ബാധ്യത ₹3,68,40,906/-യുടെ ബാധ്യത ഉണ്ടായിട്ടുണ്ട്. ധനകാര്യ പത്രിക പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

എ) <u>വിവിധ ആവശ്യങ്ങൾക്കായി നീക്കിയിരിപ്പ് ഉണ്ടാകേണ്ട തുക</u>

| ക്രമ നം. | ഇനം | തുക ₹ |
|---|---|---|
| 1 | ഗുണഭോക്തൃ വിഹിതം B-5 | 1562034 |
| 2 | പ്രളയ ദുരിതാശ്വാസം B-5 | 15188 |
| 3 | സാമൂഹ്യ ക്ഷേമം | 960114 |
| 4 | ഡെപ്പോസിറ്റ് B-7 | 42352108 |

| | | |
|---|---|---|
| 5 | മറ്റ് ലയബിലിറ്റികൾ B-9 | 12276355 |
| | **ആകെ** | 57165799 |

ബി. നഗരസഭയുടെ തനത് നീക്കിയിരിപ്പ്.

| ക്രമ നം. | ഇനം | തുക ₹ |
|---|---|---|
| 1 | എസ്.ബി.റ്റി – 90240 | 75278 |
| 2 | എസ്.ബി.റ്റി – 18609 | 319156 |
| 3 | യു.ബി.ഐ | 4505991 |
| 4 | എച്ച്.ഡി.എഫ്.സി | 10300860 |
| 5 | ഐ.ഡി.സി.ബി | 1835439 |
| 6 | എസ്.സി.ബി | 16560 |
| 7 | ട്രഷറി | 3271609 |
| **ആകെ** | | 20324893 |

| ആകെ ലയബിലിറ്റി ₹ (A) | ആകെ നീക്കിയിരിപ്പ് ₹ (B) | ബാധ്യത ₹ (A-B) |
|---|---|---|
| 57165799 | 20324893 | 36840906 |

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക വകമാറ്റി ചെലവഴിച്ച് ബാധ്യത സൃഷ്ടിച്ചത് ആഭ്യന്തര നിയന്ത്രണത്തിന്റെ അപര്യാപ്തത മൂലമാണ്. ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-28 തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷത്തിലെ തനത് ഫണ്ട് ചെലവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. കൂടാതെ ലഭ്യമാക്കിയ വൗച്ചറുകൾ ക്രമരഹിതമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. വൗച്ചറുകളുടെ അഭാവത്തിൽ ചെലവ് വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ താഴെപറയും പ്രകാരം ₹63,33,942/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വൗച്ചറുകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/30.01.2020 മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./ തീയതി | ബില്ലിലെ വിവരങ്ങൾ | ചെക്ക് നം. | തീയതി | തുക ₹ |
|---|---|---|---|---|---|
| 1 | 21800044, 21-Apr- | മാതൃഭൂമി | 154543 | 21-Apr- | 5,460.00 |

| | | | | | |
|---|---|---|---|---|---|
| | 2018 | | | 2018 | |
| 2 | 21800045, 21-Apr-2018 | മംഗളം | 154542 | 21-Apr-2018 | 4,284.00 |
| 3 | 21800052, 21-Apr-2018 | സാലി കിഴക്കേൽ | 154531 | 21-Apr-2018 | 2,093.00 |
| 4 | 21800114, 22-May-2018 | അബ്രഹാം ദേവസ്യ | 135210 | 22-May-2018 | 10,800.00 |
| 5 | 21800126, 22-May-2018 | ബേസൽ ടയർ സെന്റർ | 135221 | 22-May-2018 | 14,660.00 |
| 6 | 21800131, 23-May-2018 | സ്നേഹ സണ്ണി | 4594 | 23-May-2018 | 15,000.00 |
| 7 | 21800139, 24-May-2018 | എം.സി. ചെറിയാൻ ഫ്യൂവൽസ് | 135223 | 24-May-2018 | 11,681.00 |
| 8 | 21800249, 04-Jul-2018 | എ.ഇ. കെ.എസ്.ഇ.ബി, കട്ടപ്പന | 135303 | 04-Jul-2018 | 36,715.00 |
| 9 | 21800267, 04-Jul-2018 | എം.സി. ചെറിയാൻ ഫ്യൂവൽസ് | 135292 | 04-Jul-2018 | 17,553.00 |
| 10 | 21800268, 04-Jul-2018 | എം.സി. ചെറിയാൻ ഫ്യൂവൽസ് | 135292 | 04-Jul-2018 | 21,551.00 |
| 11 | 21800318, 23-Jul-2018 | മേരിക്കുട്ടി ജോസഫ്, ടോംസ് ഹോട്ടൽ | 4600 | 23-Jul-2018 | 8,380.00 |
| 12 | 21800319, 23-Jul-2018 | ബെന്നി തോമസ്, ഹണി ബേക്കറി | 4601 | 23-Jul-2018 | 4,570.00 |
| 13 | 21800321, 23-Jul-2018 | സെൻട്രൽ എക്സൈസ് | ഓൺലൈൻ പേയ്മെന്റ് | 23-Jul-2018 | 1,22,000.00 |
| 14 | 21800327, 24-Jul-2018 | എ.ഇ. കെ.എസ്.ഇ.ബി, കട്ടപ്പന | 135337 | 24-Jul-2018 | 12,880.00 |
| 15 | 21800328, 24-Jul-2018 | സിബി തോമസ് | 135339 | 24-Jul-2018 | 11,227.00 |
| 16 | 21800330, 24-Jul-2018 | സൈനിക് വെൽഫെയർ ഓഫീസർ | 135341 | 24-Jul-2018 | 7,000.00 |
| 17 | 21800332, 01-Aug-2018 | ജ്യുവൻ ഡി മേരി | 738011 | 01-Aug-2018 | 15,000.00 |
| 18 | 21800391, 14-Aug-2018 | ഗ്രേസ് കമ്മ്യൂണിറ്റി | 135372 | 14-Aug-2018 | 1,000.00 |
| 19 | 21800395, 14-Aug- | കെ.എസ്. രവിദാസ് | 135332 | 14-Aug- | 310.00 |

| | | | | | |
|---|---|---|---|---|---|
| | 2018 | | | 2018 | |
| 20 | 21800408, 29-Aug-2018 | മാതൃഭൂമി | 135378 | 29-Aug-2018 | 5,800.00 |
| 21 | 21800409, 29-Aug-2018 | മാതൃഭൂമി | 135378 | 29-Aug-2018 | 5,800.00 |
| 22 | 21800483, 14-Sep-2018 | എ.ഇ. കെ.എസ്.ഇ.ബി, കട്ടപ്പന | 139282 | 14-Sep-2018 | 27,417.00 |
| 23 | 21800487, 14-Sep-2018 | സെൻട്രൽ എക്സൈസ് | ഓൺലൈൻ പേയ്മെന്റ് | 14-Sep-2018 | 42,154.00 |
